## കാർഷിക രംഗത്തെ നൂറുദിന പരിപാടി

13 (*253) ശ്രീ. ഒ. ആർ. കേളു:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക മേഖലയുടെ സാമ്പത്തിക പുനരുജ്ജീവനത്തിന് നൂറു ദിന പരിപാടിയിലുൾപ്പെടുത്തി എന്തെല്ലാം പദ്ധതികൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ?

സംസ്ഥാനത്തെ കാർഷിക മേഖലയുടെ സാമ്പത്തിക പുനരുജ്ജീവനത്തിന് നൂറ് ദിന പരിപാടിയിലുൾപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.

(1) ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയുടെ ഭാഗമായി 50 ലക്ഷം വിത്തു പാക്കറ്റുകളുടെയും 150 ലക്ഷം തൈകളുടെയും വിതരണം

(2) ഒരു കോടി ഫലവൃക്ഷത്തൈ വിതരണ പദ്ധതിയുടെ ഭാഗമായി 25 ലക്ഷം തൈകളുടെ വിതരണം

(3) 5000 ഹെക്ടറിൽ ഓർഗാനിക് ഫാമിംഗ്

(4) നൂറ് നഗര ചന്തകൾ

(5) 25 FPO -കളുടെ രൂപീകരണവും പ്രവർത്തനം ആരംഭിക്കലും

(ബി) ജൈവകൃഷിക്ക് പ്രാധാന്യം നൽകിക്കൊണ്ട് ഇരുപത്തി അയ്യായിരം ഹെക്ടറിൽക്കൂടി ഇത്തരത്തിലുള്ള കൃഷി വ്യാപിപ്പിക്കാൻ പദ്ധതിയുണ്ടോ?

സർക്കാരിന്റെ 100 ദിന പരിപാടിയുടെ ഭാഗമായി 5,000 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി ലക്ഷ്യമിട്ടിരുന്നു. എന്നാൽ ഇതിനകംതന്നെ 18152 ഹെക്ടറിൽ ജൈവ കൃഷി ആരംഭിച്ചു കഴിഞ്ഞു

(സി) ഉപഭോക്താക്കൾ വ്യാപക രീതിയിൽ കബളിപ്പിക്കപ്പെടുന്നതിനാൽ ജൈവകൃഷി രീതിയിലൂടെയുള്ള ഉല്പന്നങ്ങൾക്ക് സർട്ടിഫിക്കേഷൻ നൽകുന്നതിനും ഉല്പാദകർക്ക് ന്യായവില ലഭ്യമാക്കുന്നതിനും പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ?

ഉപഭോക്താക്കൾ വ്യാപക രീതിയിൽ കബളിപ്പിക്കപ്പെടുന്നതിനാൽ ജൈവ കൃഷി രീതിയിലൂടെയുള്ള ഉല്പന്നങ്ങൾക്ക് സർട്ടിഫിക്കേഷൻ നൽകുന്നതിനും ഉല്പാദകർക്ക് ന്യായവില ലഭ്യമാക്കുന്നതിനും കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

സർക്കാരിന്റെയും സംയുക്ത സഹായത്തോടെ 60:40 ഫണ്ടുകളുടെ അനുപാതത്തിൽ കേരളത്തിൽ പരമ്പരാഗത കൃഷി വികാസ് യോജന, സുഭിക്ഷം സുരക്ഷിതം പദ്ധതി- ഭാരതീയ പ്രകൃതി കൃഷി പദ്ധതി (കേരള അഗ്രോ ഇക്കോളജി ബേസ്ഡ് ബയോഡൈവേസിറ്റി കൺസർവേഷൻ) എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു. ടി പദ്ധതിയിൽ അംഗമാകുന്ന കർഷകർക്ക് ലഭിക്കുന്ന ജൈവ സർട്ടിഫിക്കറ്റാണ് പിജിഎസ് ഇന്ത്യ ഓർഗാനിക് (Organic Farming Participatory Guarantee System). ഈ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി pgsindia-ncof.gov.in എന്ന വെബ് പോർട്ടലിൽ കർഷകർ രജിസ്റ്റർ ചെയ്യേണ്ടതാണ്. പി.ജി.എസ്. സർട്ടിഫിക്കറ്റ് നൽകുന്നത് കർഷകരുടെ കൃഷിയിടത്തിനാണ്. ആയതിനാൽ ആ ഭൂമിയിലുള്ള എല്ലാ കാർഷിക വിളകളും ജൈവ ഉല്പന്നമായി ഗുണനിലവാരം ഉറപ്പാക്കി ഉയർന്ന വിലയ്ക്ക് വില്പന നടത്താൻ സാധിക്കും. ഇതൊരു ഗ്രൂപ്പ് സർട്ടിഫിക്കേഷനാണ്. എങ്കിലും ഓരോ കർഷകർക്കും വെവ്വേറെ സർട്ടിഫിക്കറ്റ് ലഭിക്കും. വിശ്വസ്തത ഉറപ്പാക്കി വിപണി മൂല്യം വർദ്ധിപ്പിച്ചും പി.ജി.എസ്. ഇന്ത്യ സർട്ടിഫിക്കറ്റുപയോഗിച്ച് കർഷകർക്ക് ഇന്ത്യ മുഴുവൻ ജൈവ അംഗീകാരത്തോടെ ജൈവ ഉല്പന്നങ്ങൾ വിൽക്കുവാനുള്ള അംഗീകാരം ലഭിക്കുന്നു. കൂടാതെ പി.ജി.എസ്. ഇന്ത്യ ഗ്രീൻ, പി.ജി.എസ്. ഇന്ത്യ ഓർഗാനിക് സർട്ടിഫിക്കറ്റ് ലഭിച്ച കർഷകർക്ക് സർക്കാർ ഒരുക്കിയ ജൈവ ഓൺലൈൻ വിപണിയിൽ (www.jaivikheti.in) ഉല്പന്നങ്ങൾ വിൽക്കുവാൻ സാധിക്കുന്നു.

## വളത്തിന്റെയും രാസവസ്തുക്കളുടെയും വില വർദ്ധനവ്

14 (*254) <u>ശ്രീ. സജീവ് ജോസഫ്</u>:
<u>ശ്രീ. സണ്ണി ജോസഫ്</u>:
<u>ഡോ. മാത്യു കുഴൽനാടൻ</u>:
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വളത്തിന്റെയും കൃഷിക്കാവശ്യമായ രാസവസ്തുക്കളുടെയും വില വർദ്ധനവ് കോവിഡ് കാരണം പ്രതിസന്ധിയിലായ കർഷകരെ കൂടുതൽ പ്രതിസന്ധിയിലാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കൃഷിക്കാവശ്യമായ രാസവളങ്ങളുടെ വിലയിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടില്ല. എന്നാൽ കീടനാശിനികൾക്ക് ഉത്പാദക കമ്പനികൾ വില വർദ്ധിപ്പിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൃഷിക്കാവശ്യമായ വളവും രാസവസ്തുക്കളും കുറഞ്ഞ നിരക്കിൽ ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ എന്തെങ്കിലും ഇടപെടൽ നടത്തുന്നുണ്ടോ എന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly